# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 90

28.05.2019- ൽ മറുപടിയ്ക്ക്

## എൻ.ഡി.പി.ആർ.ഇ.എം. പദ്ധതി

| | ചോദ്യം<br>ശ്രീ.കെ.സി.ജോസഫ് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|---|
| എ) | ഉമ്മൻചാണ്ടി സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിയ എൻ.ഡി.പി.ആർ.ഇ.എം.(നോർക്ക ഡിപ്പാർട്ട്മെൻറ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്) പദ്ധതിയുടെ വ്യവസ്ഥകളിൽ നിലവിൽ എന്തെല്ലാം മാറ്റങ്ങൾ വരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | എ) | നോർക്ക ഡിപ്പാർട്ടുമെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതിയുടെ പ്രാരംഭ ദിശയിൽ ശിപാർശ ചെയ്തിരുന്ന പരമാവധി മൂലധന തുകയായ 20 ലക്ഷം രൂപയിൽ നിന്ന് 30 ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷം വരെ എസ്.ബി.ഐ., യൂണിയൻ ബാങ്ക്, സൗത്ത് ഇന്ത്യൻ ബാങ്ക് എന്നീ ദേശസാൽകൃത ബാങ്കുകൾ മുഖാന്തിരം മാത്രം നടത്തി വന്നിരുന്ന ഈ പദ്ധതി 2018-19 സാമ്പത്തിക വർഷം ബാങ്ക് ഓഫ് ബറോഡ, സിൻഡിക്കേറ്റ് ബാങ്ക്, ഫെഡറൽ ബാങ്ക്, ഇന്ത്യൻ ഓവർസീസ് ബാങ്ക് എന്നീ ബാങ്കുകളെക്കൂടി ഉൾപ്പെടുത്തി വിപുലപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോ-ഓപ്പറേറ്റീവ് സൊസൈറ്റി (മലപ്പുറം) എന്നിവയ്ക്കു പുറമേ കേരള സംസ്ഥാന പട്ടികവർഗ്ഗ/പട്ടികജാതി വികസന കോർപ്പറേഷൻ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ എന്നിവയുമായി ഈ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് ധാരണാപത്രം ഒപ്പു വച്ചിട്ടുണ്ട്. സഹകരണ മേഖലയിൽ നിന്നും കേരള സംസ്ഥാന ആഗ്രിക്കൾച്ചറൽ റൂറൽ ഡവലപ്മെന്റ് ബാങ്ക്, കോഴിക്കോട് ജില്ലാ സഹകരണ ബാങ്ക് എന്നിവയും ഈ പദ്ധതിയുമായി 2018-19 സാമ്പത്തിക വർഷം മുതൽ ധാരണാപത്രം ഒപ്പു വച്ച് സഹകരിച്ചു വരുന്നു. നിലവിൽ ധാരണാപത്രം ഒപ്പുവച്ചിട്ടുള്ള 13 ധനകാര്യ സ്ഥാപനങ്ങളുടെ 4000-ലധികം ശാഖകളിലൂടെ (NDPREM) വായ്പാ സൗകര്യം ലഭ്യമാണ്. പദ്ധതിയുടെ ഭാഗമായി |

<table>
<tr><td></td><td></td><td></td><td>മേഖലാടിസ്ഥാനത്തിൽ പരിശീലനം, ബോധവത്കരണം, സെമിനാറുകൾ, ബാങ്കിലേയ്ക്കാവശ്യമായ പ്രോജക്ട് റിപ്പോർട്ട് എന്നിവ കേരള സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സ്ഥാപനം മുഖാന്തിരം നോർക്ക-റൂട്ട്സ് നൽകി വരുന്നുണ്ട്.</td></tr>
<tr><td>ബി)</td><td>പ്രസ്തുത പദ്ധതി പ്രകാരം 2016 ഏപ്രിൽ ഒന്നിന് മുൻപ് എത്ര പേർക്ക് വായ്പാ സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;</td><td>ബി)</td><td>2016 ഏപ്രിൽ ഒന്നിന് മുൻപായി പ്രസ്തുത പദ്ധതി പ്രകാരം 1104 പേർക്ക് വായ്പ സഹായം നൽകിയിട്ടുണ്ട്.
<table>
<tr><th>Year</th><th>No. of registrations</th><th>No. of loans sanctioned</th><th>Loan amount (in crore)</th><th>Subsidy released (in crore)</th><th>Interest subsidy released (in crore)</th></tr>
<tr><td>2013-14</td><td>19690</td><td>234</td><td>15.2</td><td>1.65</td><td></td></tr>
<tr><td>2014-15</td><td>2841</td><td>703</td><td>28.85</td><td>6.97</td><td></td></tr>
<tr><td>2015-16</td><td>2901</td><td>167</td><td>6.69</td><td>1.23</td><td>1.44</td></tr>
</table></td></tr>
<tr><td>സി)</td><td>2016-17, 2017-18, 2018-19 എന്നീ സാമ്പത്തികവർഷങ്ങളിൽ ഓരോ വർഷവും പ്രസ്തുത പദ്ധതി പ്രകാരം എത്ര പേർക്ക് സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;</td><td>സി)</td><td>2016-17 സാമ്പത്തികവർഷത്തിൽ 328 പേർക്കും 2017-18-ൽ 413 പേർക്കും 2018-19-ൽ 791 പേർക്കുമാണ് വായ്പാസഹായം നൽകിയിട്ടുള്ളത്.</td></tr>
<tr><td>ഡി)</td><td>2018-19 സാമ്പത്തികവർഷത്തിൽ പ്രസ്തുത പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം എത്ര കോടി രൂപയായിരുന്നു എന്നും ഏതെല്ലാം പദ്ധതികൾക്കാണ് സഹായം നൽകിയതെന്നും അറിയിക്കാമോ?</td><td>ഡി)</td><td>2018-19 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റ് വിഹിതം 15 കോടി രൂപയായിരുന്നു. സംരംഭകർക്ക് സബ്സിഡി, ഗുണഭോക്താക്കളുടെ സംരംഭകത്വപരിശീലനം എന്നിവയ്ക്കാണ് പണം വിനിയോഗിച്ചത്.</td></tr>
</table>

സെക്ഷൻ ഓഫീസർ